ഉത്തരം

(എ)-(ഇ) ഇല്ല. എന്നാൽ ഗസ്റ്റ് ഹൗസിന്റെ ഒന്നാം നിലയിൽ നിലവിലുള്ള ഹാൾ ഒരു കോൺഫറൻസ് ഹാളാക്കി മാറ്റുന്നതിനു വേണ്ട പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കാൻ പൊതുമരാമത്തു വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

വിനോദസഞ്ചാരമേഖലയിൽ നിന്നും കേരളത്തിനുള്ള വരുമാനം

125 (836)ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ-സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 സാമ്പത്തികവർഷത്തിൽ വിനോദസഞ്ചാര മേഖലയിൽ നിന്നും കേരളത്തിന് എത്ര കോടി രൂപ വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) 1997-98 സാമ്പത്തിക വർഷത്തെ വരുമാനത്തെക്കാൾ അധികവരുമാനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1998-99 സാമ്പത്തിക വർഷത്തിൽ വിനോദസഞ്ചാരികളിൽ നിന്നും ഏകദേശം 500 കോടി രൂപ വരുമാനം ലഭിച്ചതായി കണക്കാക്കപ്പെടുന്നു.

(ബി) 1997-98 ൽ വിനോദസഞ്ചാരികളിൽ നിന്നും ഏകദേശം 450 കോടി രൂപ വരുമാനം ലഭിച്ചിരുന്നതായി കണക്കാക്കപ്പെടുന്നു. 1998-99-ൽ 97-98 നെക്കാൾ 50 കോടി രൂപ അധിക വരുമാനം ലഭിച്ചിട്ടുണ്ട്. അതായത് 11.11% അധിക വരുമാനം ലഭിച്ചതായി കണക്കാക്കപ്പെടുന്നു.

ചേരമാൻ തുരുത്ത് 'ഇക്കോ ടൂറിസം' പദ്ധതിയിൽപ്പെടുത്തുന്നതിന് നടപടി

126 (837)പ്രൊഫസർ മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദ-സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂരിലെ ചേരമാൻ തുരുത്ത് 'ഇക്കോ ടൂറിസം' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കോ ടൂറിസം പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

ബോൾഗാട്ടി പാലസ് ഹോട്ടലിന്റെ പുനരുദ്ധാരണ ജോലികൾ

127(838)ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ-സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ബോൾഗാട്ടി പാലസ് ഹോട്ടലിന്റെ പുനരുദ്ധാരണ ജോലികൾ സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവോ; എങ്കിൽ ഇതിനുള്ള മതിപ്പ് തുക എത്രയായിരുന്നു.

(ബി) ഈ ജോലിക്ക് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷനും ടെക്നിക്കൽ സാംഗ്ഷനും നൽകിയിരുന്നുവോ; എങ്കിൽ ആര് നൽകി;

(സി) ഇതിന്റെ കോൺട്രാക്ട് നൽകുന്നതിന് ടെണ്ടർ വിളിച്ചിരുന്നുവോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) ഇതിനുള്ള പണിക്കുവേണ്ട സാധനങ്ങൾ വാങ്ങുന്നതിന് ടെണ്ടർ വിളിച്ചുവോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഇ) ഇതിന്റെ പണിക്കാവശ്യമായ എന്തെല്ലാം സാധനങ്ങൾ വാങ്ങിയെന്നും അതിന്റെ വില എത്രയെന്നും അറിയിക്കുമോ;

(എഫ്)ഈ പണിയിലെ ക്രമക്കേടുകളെപ്പറ്റി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷിച്ചിരുന്നുവോ; എങ്കിൽ അവർ കണ്ടെത്തിയ ന്യൂനതകൾ എന്തെല്ലാമായിരുന്നു;

(ജി) ക്രമക്കേടുകൾ സംബന്ധിച്ച് കൂടുതൽ അന്വേഷണം ആവശ്യമാണെന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള അനുമതി നൽകുമോ?

ഉത്തരം

(എ) തയ്യാറാക്കിയിട്ടുണ്ട്. 470 ലക്ഷം രൂപയാണ് മതിപ്പു തുകയായി കണക്കാക്കിയിട്ടുള്ളത്.

(ബി) നൽകിയിരുന്നു. അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ഗവൺമെന്റും ടെക്നിക്കൽ സാംഗ്ഷൻ കെ.ടി.ഡി.സി. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേധാവിയും നൽകി.

(സി) കെ.ടി.ഡി.സി. എഞ്ചിനീയറിംഗ് വിഭാഗം നേരിട്ടാണ് ഇതിന്റെ സിവിൽ, പ്ലമ്പിംഗ്, മുറികൾക്കുള്ളിലെ വയറിംഗ് മുതലായ പണികൾ ചെയ്യുന്നത് എച്ച്.ടി. ഇലക്ട്രിഫിക്കേഷൻ, എയർ കണ്ടീഷനിംഗ്, ഫർണിഷിംഗ് തുടങ്ങിയ പണികൾക്ക് ടെണ്ടർ വിളിച്ച് കോൺട്രാക്ട് നൽകിയിരിക്കുകയാണ്.

(ഡി) പണിക്കുള്ള സാധനങ്ങൾ കാട്ടേഷൻ വിളിച്ചാണ് വാങ്ങുന്നത്.

(ഇ) പണികൾക്കായി വാങ്ങിയിട്ടുള്ള പ്രധാന സാധനങ്ങളും വിലയും അടങ്ങുന്ന ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(എഫ്)&(ജി) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിലെ ഒരു ഡി.വൈ.എസ്.പി. റിക്കോഡുകൾ എടുത്തുകൊണ്ടുപോയി. ഇതെപ്പറ്റി പത്ര വാർത്തകളല്ലാതെ മറ്റു വിവരങ്ങളില്ല. പത്ര വാർത്തകളുടെ അടിസ്ഥാനത്തിൽ മാനേജിംഗ് ഡയറക്ടർ വിജിലൻസ് ഡയറക്ടർക്ക് കൺസ്ട്രക്ഷൻ കോർപ്പറേഷനിലും പോലീസ് ഹൗസിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയിലും മറ്റും നേരിട്ടുള്ള പണികൾക്ക് സ്വീകരിച്ചു വരുന്ന നടപടി ക്രമമാണ് 1977 മുതൽ കെ.റ്റി.ഡി.സി.യിലും സ്വീകരിച്ചു വരുന്നത് എന്നുള്ള വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly